(സി) ഇതുമായി ബന്ധപ്പെട്ട് 19 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയതിൽ 7 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു :

1. അടിമാലി പി.എസ്. ക്രൈം നമ്പർ 588/2011 എന്ന കേസില് കുമാരൻ 2. ജനാർദ്ദൻ എന്നിവരെ അറസ്റ്റ് ചെയ്തു.
2. മണ്ണത്തി പി.എസ്. ക്രൈം നമ്പർ 252/2015 എന്ന കേസിൽ 1. പവിത്രൻ, 2. ജയൻ @ ജയാനന്ദൻ, 3. മനീഷ, 4. ഗീതു എന്നിവരെ അറസ്റ്റ് ചെയ്തു.
3. ചന്ദേര പി.എസ്. ക്രൈം നമ്പർ 250/2015 എന്ന കേസിൽ ഉദിനൂർ സുകുമാരൻ എന്നയാളെ അറസ്റ്റ് ചെയ്തു.

(ഡി) 37 പരാതികൾ ലഭിച്ചു. 19 കേസ്സുകൾ രജിസ്റ്റർ ചെയ്തു. അട്ടൂർ പോലീസ് സ്റ്റേഷനിൽ 12 ക്രൈം കേസ്സുകളും, പത്തനംതിട്ട, അടിമാലി, കമിളി, മണ്ണത്തി, പുൽപ്പള്ളി, ചന്ദേര, ചീമേനി എന്നീ പോലീസ് സ്റ്റേഷനുകളിൽ ഓരോ കേസ് വീതവും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അട്ടപ്പാടിയിൽ മാവോയിസ്റ്റുകളും പോലീസും തമ്മിലുണ്ടായ ഏറ്റുമുട്ടൽ

280 (290) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ മാവോയിസ്റ്റുകളും തണ്ടർബോൾട്ടും തമ്മിൽ ഏറ്റുമുട്ടി പരസ്പരം വെടിവയ്പുണ്ടായിട്ടുണ്ടോ;

(ബി) ഏറ്റുമുട്ടലിൽ പങ്കെടുത്ത മാവോയിസ്റ്റുകളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യുവാൻ പോലീസിന് കഴിഞ്ഞിട്ടുണ്ടോ ;

(സി) ഏറ്റുമുട്ടലിന് ശേഷവും മാവോയിസ്റ്റ് സാന്നിദ്ധ്യം അറിയിക്കുന്ന എന്തെല്ലാം സംഭവങ്ങളാണ് അട്ടപ്പാടിയിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സംഭവങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരെ ആരെയും പിടികൂടുവാൻ സാധിക്കാത്തത് ജനങ്ങളിൽ ഭീതി ഉണ്ടാക്കിയിട്ടുണ്ടെന്നുള്ളകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) എങ്കൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ തടയുവാൻ കഴിയുന്നില്ല ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അട്ടപ്പാടി മേഖലയിൽ അഗളി പോലീസ് സ്റ്റേഷൻ പരിധിയിൽ ഗോട്ടിയാർകണ്ടിയിൽ 17-10-2015-ന മാവോയിസ്റ്റുകളും തണ്ടർ ബോൾട്ട് ഉൾപ്പെടുന്ന പോലീസ് സംഘവും തമ്മിൽ വെടിവെയ്പ് ഉണ്ടായിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈ ഘട്ടത്തിൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ഡി) മാവോയിസ്റ്റുകൾക്കെതിരെ പോലീസ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം അക്രമകാരികളായ മാവോയിസ്റ്റുകളെ ആദിവാസി മേഖലയിൽ നിന്നും സാമൂഹ്യമായി ഒറ്റപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് മനപിന്തുണയോടുകൂടിയ പോലീസ് നടപടികളാണ് സ്വീകരിച്ചുവരുന്നത്. മനങ്ങളുമായി യോജിച്ചുള്ള പ്രവർത്തനം അവരിൽ ആത്മവിശ്വാസം വളർത്തും.

(ഇ) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ അനവധി വർഷങ്ങളായി മാവോയിസ്റ്റ് പ്രവർത്തനമുണ്ട്. കേരളത്തിലെ വനപ്രദേശങ്ങളിൽ മുഖ്യമായും കേന്ദ്രീകരിക്കുന്നതിൽ ബഹുഭൂരിപക്ഷവും മറ്റുസംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്ന് പോലീസ് തിരിഞ്ഞിട്ടുണ്ട്. താരതമ്യേന പുതുതായി ഉയർന്നുവന്നിട്ടുള്ളതും പരമ്പരാഗതമായി കാര്യമായ പോലീസ് പ്രവർത്തനം നടക്കാത്തതുമായ വനാന്തരങ്ങളിൽ മുഖ്യമായും കേന്ദ്രീകരിച്ചിട്ടുള്ളതിനാലുമാണ് മാവോയിസ്റ്റ് പ്രവർത്തനങ്ങൾ തടയുവാൻ എളുപ്പത്തിൽ കഴിയുന്നത്. ഈ പ്രശ്നം കാര്യക്ഷമമായി നേരിടുന്നതിന സംസ്ഥാന പോലീസിന്റെ വിവിധ വിഭാഗങ്ങൾ ശക്തമായി പ്രവർത്തിച്ചുവരുന്നു. ഈ പ്രശ്നം സാധാരണ കുറ്റകൃത്യം കൈകാര്യം ചെയ്യുന്നതുപോലെ പോലീസ് നടപടികൊണ്ട് മാത്രം പരിഹരിക്കാൻ സാധിക്കുന്നതല്ല. ആദിവാസി മേഖലകളിലെ വികസനവും ആദിവാസികളെ മുഖ്യധാരയുമായി സംയോജിപ്പിക്കലും ചെയ്യേണ്ടതുണ്ട്. ഇതിന് പ്രധാനപ്പെട്ടതാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള സമഗ്രമായ പദ്ധതിയാണ് സർക്കാരിനുള്ളത്.

സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ

281 ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും മന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സ്ത്രീകൾക്ക് നേരെ ചെയ്തിട്ടുണ്ടെന്നുള്ള അതിക്രമങ്ങളുടെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;